**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5347** **21-03-2025 - ൽ മറുപടിയ്ക്ക്**

**വാഹനങ്ങളിൽ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മോട്ടോർവാഹന ചട്ടമനുസരിച്ച് സർക്കാർ വകുപ്പുകൾ ഉൾപ്പെടെയുള്ള വിവിധ വിഭാഗങ്ങളുടെ വാഹനങ്ങളിൽ ബോർഡുകൾ സ്ഥാപിക്കുന്നതിന് മാനദണ്ഡം നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം വാഹനങ്ങളിൽ ബോർഡ് സ്ഥാപിക്കുവാൻ അനുമതിയുണ്ട് എന്നതിന്റെ വിശദാംശം നൽകുമോ; | (എ) | നിലവിലുണ്ട്. കേരള മോട്ടോർ വാഹന ചട്ടം 92 A പ്രകാരമാണ് സർക്കാർ വകുപ്പുകൾ ഉൾപ്പെടെയുള്ള വിവിധ വിഭാഗങ്ങളുടെ വാഹനങ്ങളിൽ ബോർഡുകൾ സ്ഥാപിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. താഴെ പറയുന്ന വിഭാഗത്തിലുള്ളവർക്കാണ് ബോർഡ് പ്രദർശിപ്പിക്കുവാൻ അനുമതി നൽകിയിട്ടുള്ളത്.<br><br>1. ഗവർണർ<br><br>2. മന്ത്രിമാർ<br><br>3. പാർലമെന്റ് അംഗങ്ങൾ<br><br>4. ലെജിസ്ലേറ്റീവ് അസംബ്ലി അംഗങ്ങൾ (എം.എൽ.എ. മാർ)<br><br>5. ജില്ലാ കളക്ടർമാർ<br><br>6. കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാർ വകുപ്പുകളുടെ വാഹനങ്ങളിലും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഭരണഘടനാ സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകൾ, സ്റ്റാറ്റ്യൂട്ടറി ബോർഡുകൾ, സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ.<br><br>7. കേന്ദ്ര-സംസ്ഥാന വകുപ്പുകൾ കൈകാര്യം ചെയ്യുന്ന വകുപ്പ് തലവന്മാർ ഉപയോഗിക്കുന്ന വാഹനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഭരണഘടനാ സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി ബോഡി തലവന്മാർ ഉപയോഗിക്കുന്ന വാഹനങ്ങൾ.<br><br>8. പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, എന്നിവയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ ബഹു.കോടതിയുടെ ഉത്തരവിൻ പ്രകാരം ബോർഡ് പ്രദർശിപ്പിക്കാൻ അനുമതി ലഭ്യമായിട്ടുള്ള സ്ഥാപനങ്ങൾ. |

| | | | |
|---|---|---|---|
| | | | 9. സർവകലാശാലാ വൈസ് ചാൻസലർ ഉപയോഗിക്കുന്ന വാഹനങ്ങൾ, സർവകലാശാലയുടെ ഉടമസ്ഥതയിലോ, ഉപയോഗിക്കുന്നതോ ആയ വാഹനങ്ങൾ.<br><br>10. ഹൈക്കോടതിയിലെ സർക്കാർ ഉദ്യോഗസ്ഥർ ഉപയോഗിക്കുന്ന വാഹനങ്ങൾ, ഹൈക്കോടതിയിലെ കേന്ദ്ര സർക്കാർ കൗൺസിലറുകൾ, എല്ലാ ജുഡീഷ്യൽ ഉദ്യോഗസ്ഥർ ഉപയോഗിക്കുന്ന വാഹനങ്ങൾ, സർക്കാർ സെക്രട്ടറിയേറ്റിലെ ഡെപ്യൂട്ടി സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരുടെ വാഹനങ്ങൾ, ലോക് അദാലത്ത് ചെയർമാൻ ഉപയോഗിക്കുന്ന വാഹനം. |
| (ബി) | സ്വകാര്യ സംഘടനകളും സ്ഥാപനങ്ങളും തങ്ങളുടെ വാഹനങ്ങളിൽ ബോർഡ് സ്ഥാപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് മോട്ടോർവാഹന ചട്ടങ്ങളിലെ മാനദണ്ഡ പ്രകാരമാണോ എന്ന് വ്യക്തമാക്കാമോ; അല്ലെങ്കിൽ പ്രസ്തുത വാഹന ഉടമകൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ? | (ബി) | ഉണ്ട്. സ്വകാര്യ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും വാഹനങ്ങളിൽ ബോർഡ് പ്രദർശിപ്പിക്കുന്നതിന് മോട്ടോർ വാഹന ചട്ടം വ്യവസ്ഥ ചെയ്യുന്നില്ല. നിയമപ്രകാരമല്ലാതെ വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള ബോർഡുകൾ നീക്കം ചെയ്യുകയും പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ